പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1779 **26-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി. കെ. പ്രവീൺ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏകീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

മറുപടി: സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏകീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സർക്കാർ അവതരിപ്പിച്ച ധവളപത്രത്തിൽ സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വിഭാഗം ജീവനക്കാരുടെ വിരമിക്കൽ പ്രായമാണ് ഉയർത്താൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

മറുപടി: കേരളത്തിന്റെ സാമ്പത്തിക ആരോഗ്യം സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ടിൽ വിരമിക്കൽ പ്രായം ഉയർത്തണമെന്ന് പ്രത്യേകം ശിപാർശ ചെയ്തിട്ടില്ല.

(സി) സ്റ്റാറ്റ്യൂട്ടറി പെൻഷൻകാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച കേസിൽ (ഒ.എ(ഇ.കെ.എം) നം. 2066/2019 &ഒ.പി (കെ.എ.റ്റി)നം.227/2020) സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ;

മറുപടി: വിവിധ വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായം താരതമ്യം ചെയ്യേണ്ടതില്ലായെന്നും, സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വ്യവസ്ഥകൾ വിലയിരുത്തിയാണ് പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നത് എന്നുമുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(ഡി) സർക്കാർ അവതരിപ്പിച്ച ധവളപത്രത്തിൽ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നിർദ്ദേശമുണ്ടെങ്കിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർഥികളുടെ നിയമനം ഉറപ്പാക്കാൻ എന്തെങ്കിലും ശിപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: കേരളത്തിന്റെ സാമ്പത്തിക ആരോഗ്യം സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ടിൽ വിരമിക്കൽ പ്രായം ഉയർത്തണമെന്ന് പ്രത്യേകം ശിപാർശ ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ